പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 761 — 23.07.2012 ൽ മറുപടിക്ക്

## ഇലക്ട്രോണിക് പോലീസ് ബീറ്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>,, കെ. മുരളീധരൻ<br>'' ലൂഡി ലൂയിസ്<br>'' ആർ. സെൽവരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഇലക്ട്രോണിക് പോലീസ് ബീറ്റ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ബീറ്റ് ഡ്യൂട്ടിയിലുള്ള പോലീസുദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ കൃത്യമായി എത്തുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർക്ക് വളരെ വേഗത്തിൽ പരിശോധിക്കുന്നതിനും പോലീസ് ബീറ്റ് സംവിധാനം കൂടുതൽ ഫലപ്രദവും കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് ഇലക്ട്രോണിക് പോലീസ് ബീറ്റ് സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നത്. 13-ാം ഫിനാൻസ് കമ്മീഷൻ അവാർഡ് തുകയും, സംസ്ഥാന പദ്ധതി ഫണ്ടും ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഏതൊക്കെ നഗരങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ; | (ബി) ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത് ; | (സി) പ്രസ്തുത പദ്ധതി പ്രാരംഭദശയിലാണ്. |
| (ഡി) എല്ലാ നഗരങ്ങളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പദ്ധതിയുടെ പ്രാരംഭഘട്ടത്തിലെ പ്രവർത്തനം വിലയിരുത്തിയ ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ